**കേരള സർക്കാർ**

സംഗ്രഹം

മലയാളം മിഷൻ ഡയറക്ടറുടെയും രജിസ്ട്രാറുടെയും പേരിൽ ദേശസാൽകൃത ബാങ്കിൽ 5 ലക്ഷം രൂപ വരെ മാത്രം പാർക്ക് ചെയ്യാവുന്ന ഒരു സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

***ധനകാര്യ (സ്കീം ലൈനിംഗ്) വകുപ്പ്***

സ.ഉ. (സാധാ) നം. **1751/2018/ധന.** തിരുവനന്തപുരം, തീയതി **08.03.2018**

---

പരാമർശം - മലയാളം മിഷൻ ഡയറക്ടറുടെ 05.01.2018 ലെയും 07.02.2018 ലെയും 103/11/മ.മി നമ്പരായുള്ള കത്തുകൾ.

**ഉത്തരവ്**

കേരളത്തിന് പുറത്തും വിദേശ രാജ്യങ്ങളിലുമായി പരീക്ഷാനടത്തിപ്പ്, അധ്യാപക പരിശീലനം, ക്ലസ്റ്റർ മീറ്റിംഗ്, ഒ. എസ്.എസ്., പ്രവേശനോത്സവം തുടങ്ങിയ മലയാളം മിഷൻ പ്രവർത്തനങ്ങൾ തുടങ്ങിയവ സമയബന്ധിതമായി സംഘടിപ്പിക്കേണ്ടതുള്ളതിനാലും ഇന്ത്യയുടെ ഇതര ഭാഗങ്ങളിലുള്ള പഠന കേന്ദ്രങ്ങൾക്ക് ധനസഹായവും അദ്ധ്യാപകർക്കും, കോ-ഓർഡിനേറ്റർമാർക്കും ഹോണറേറിയവും നൽകേണ്ടതുള്ളതിനാലും പ്രസ്തുത പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിന് മലയാളം മിഷൻ പ്രതിനിധീകരിച്ച് ജീവനക്കാർക്ക് യാത്ര നടത്തേണ്ടി വരുന്നുവെന്നും പ്രസ്തുത പരിപാടികൾ സംഘടിപ്പിക്കുമ്പോൾ വരുന്ന ചെലവുകൾക്ക് വൗചർ വാങ്ങി അപ്പോൾത്തന്നെ പണം നൽകേണ്ടതായി വരുന്നുവെന്നും ഇത്തരം സാഹചര്യങ്ങളിൽ കേരളത്തിലെ ട്രഷറിയിൽനിന്നുള്ള ചെക്കിനെ മാത്രം ആശ്രയിച്ച് ചെലവുകൾ വഹിക്കുന്നത് മലയാളം മിഷൻ പ്രവർത്തനങ്ങളിൽ പ്രായോഗികമല്ലെന്നും അതിനാൽ, മലയാളം മിഷൻ ഡയറക്ടറുടെയും രെജിസ്ട്രാറുടെയും പേരിൽ 5 ലക്ഷം രൂപ വരെ മാത്രം പാർക്ക് ചെയ്യാവുന്ന ഒരു സേവിങ്സ് ബാങ്ക് അക്കൗണ്ട് തുടങ്ങുന്നതിനുള്ള അനുമതി നല്കണമെന്ന് മലയാളം മിഷൻ ഡയറക്ടർ പരാമർശത്തിലെ കത്തിലൂടെ അഭ്യർത്ഥിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മേൽ സൂചിപ്പിച്ച ആവശ്യത്തിനുവേണ്ടി, മലയാളം മിഷൻ ഡയറക്ടറുടെയും രജിസ്ട്രാറുടെയും പേരിൽ ദേശസാൽകൃത ബാങ്കിൽ 5 ലക്ഷം രൂപ വരെ മാത്രം പാർക്ക് ചെയ്യാവുന്ന ഒരു സേവിങ്സ് ബാങ്ക് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

**സുരേഷ് കുമാർ ഒ.ബി.**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.&ഇ/ജി.&എസ്.എസ്.എ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ.& ആർ.എസ്.എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, മലയാളം മിഷൻ, തിരുവനന്തപുരം
എഡ്യുക്കേഷൻ (C) വകുപ്പ് (e file No: EDN-C3/40/2018-FIN പ്രകാരം)
ധനകാര്യ (EDN-C) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ